Break the Chain

# കേരളസർവകലാശാല

നം.പി.ആർ.09/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ജനുവരി 14 ലെ (നാളെ) പരീക്ഷകൾ മാറ്റി

കേരളസർവകലാശാല ജനുവരി 14 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ഇലക്ട്രോണിക്സ്, ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഗ്രൂപ്പ് 2 (a) എൻവയോൺമെന്റ് സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (216), കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241) കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്, 2017, 2016, 2015 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജനുവരി 24 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ബയോടെക്നോളജി (350-മൾട്ടി മേജർ) കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2022 ജനുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി., ബി.സി.എ. (കരിയർ റിലേറ്റഡ്) (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2017, 2016, 2015 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2022 ജനുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ജൂണിൽ വിജ്ഞാപനം ചെയ്ത കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ ബി.ആർക്ക്. ഡിഗ്രി (2008 സ്കീം) സപ്ലിമെന്ററി പരീക്ഷളുടെയും കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ, മൂന്നാം സെമസ്റ്റർ മേഴ്സിചാൻസ് ബി. ആർക്ക്. ഡിഗ്രി (2008 സ്കീം) പരീക്ഷകളുടെയും ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ഗ്രൂപ്പ് 2(b) നാലാം സെമസ്റ്റർ ബി.എസ്.ഡബ്ല്യൂ. പ്രോഗ്രാമിന്റെ (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്, 2017, 2016, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് (2015, 2016 അഡ്മിഷൻ സപ്ലിമെന്ററി, 2013

അഡ്മിഷൻ മേഴ്സിചാൻസ്) ബി.എം.എസ്. ഹോട്ടൽ മാനേജ്മെന്റ് (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 24 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ബയോ കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248) കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല 2020 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ/ എം.എസ്.സി/ എം.കോം പരീക്ഷകൾ കോവിഡ് പശ്ചാത്തലത്തിൽ എഴുതാൻ കഴിയാത്ത റെഗുലർ/ സപ്ലിമെന്ററി /മേഴ്സി ചാൻസ് വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, എക്സാം കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യ വകുപ്പിന്റേയോ തദ്ദേശസ്വയംഭരണ വകുപ്പിന്റേയോ സാക്ഷ്യപത്രം (അസ്സൽ രേഖകൾ) സഹിതം 2022 ജനുവരി 20 നകം അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2022 ജനുവരി 20 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ റെഗുലർ & സപ്ലിമെന്ററി, ജനുവരി 24 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി) എം.സി.എ ഡിഗ്രി (2015 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്റർ ബി.ബി.എ. (2013 അഡ്മിഷൻ മേഴ്സിചാൻസ്, 2014 അഡ്മിഷൻ സപ്ലി മെന്ററി) ഡിഗ്രി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ജനുവരി 14 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം ഓഗസ്റ്റ് 2021 പരീക്ഷയുടെ ടീച്ചിംഗ് പ്രാക്ടീസ് പരീക്ഷ 2022 ജനുവരി 18ന് നടത്തുന്നതായിരിക്കും. പരീക്ഷാ കേന്ദ്രത്തിലും സമയക്രമത്തിലും മാറ്റമില്ല.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ലെ അഞ്ചാം സെമസ്റ്റർ ബി.എസ്സി. ബയോകെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ കോർ ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 18 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി/ അനലിറ്റിക്കൽ കെമിസ്ട്രി/ പോളിമർ കെമിസ്ട്രി പരീക്ഷയുടെ മാറ്റിവെച്ച പ്രാക്ടിക്കൽ പരീക്ഷകൾ 2022 ജനുവരി 20 മുതൽ ഫെബ്രുവരി 3 വരെ അതാത് കോളേജുകളിൽ നടത്തുന്നതാണ് .വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി, കൗൺസിലിംഗ് സൈക്കോളജി പരീക്ഷകളുടെ പ്രാക്റ്റിക്കൽ പരീക്ഷകൾ

2022 ജനുവരി 17 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ 2022 ജനുവരി 18,19 തീയതികളിൽ നടത്തുന്നതാണ്.വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല വഴുതക്കാട് ഗവ: വിമൻസ് കോളേജിൽ 2022 ജനുവരി 17 മുതൽ മുതൽ 20 വരെ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

കേരളസർവകലാശാല ജനവരി 14 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ ജനുവരി 17 ന് നടത്തുന്നതാണ്. പരീക്ഷ കേന്ദ്രത്തിലും സമയക്രമത്തിലും മാറ്റമില്ല.

കേരളസർവകലാശാലയുടെ കാര്യവട്ടം എൻജിനീയറിംഗ് കോളേജിലെ നാലാം സെമസ്റ്റർ ബി.ടെക്. 2018 സ്കീം സെപ്റ്റംബർ 2021 റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷയോട് അനുബന്ധിച്ചുള്ള കമ്പ്യൂട്ടർസയൻസ് എൻജിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ ബ്രാഞ്ചുകളുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 18, 19, 20 എന്നീ തീയതികളിൽ കാര്യവട്ടം എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്നതാണ്.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ജനുവരി 14 ന് നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (എഫ്.ഡി.പി.) (റെഗുലർ 2019 അഡ്മിഷൻ, സപ്ലിമെന്ററി 2018, 2017 അഡ്മിഷൻ, അഡീഷണൽ സപ്ലിമെന്ററി 2016 അഡ്മിഷൻ, മേഴ്സിചാൻസ് 2014 അഡ്മിഷൻ) ബോട്ടണി പ്രാക്ടിക്കൽ പരീക്ഷ 17 ന് അതാതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ബാച്ചിനും സമയക്രമത്തിനും മാറ്റമില്ല.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ മൂന്നാം ബി.ബി.എ/ ബി.സി.എ/ ബി.എ/ ബി.എസ്.സി/ ബി.കോം/ ബി.എസ്.ഡബ്ല്യൂ /ബി.എം.എസ്/ബി.പി.എ/ ബി.വോക് ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ഇ.ജെ III സെക്ഷനിൽ 2022 ജനുവരി 14 മുതൽ 22 വരെയുള്ള പ്രവർത്തി ദിനങ്ങൾ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ഫെബ്രുവരി 10 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.ടി.എസ്.) പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 17 വരെയും 150 രൂപ പിഴയോടെ ജനുവരി 20 വരെയും 400 രൂപ പിഴയോടെ ജനുവരി 22 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി.രജിസ്ട്രേഷൻ

കേരളസർവകശാല 2022 ജനുവരി സെഷനിലെ പിഎച്ച്.ഡി. രജിസ്ട്രേഷന് ഇന്റർഡിസിപ്ലിനറി വിഷയങ്ങളിൽ അപേക്ഷ സമർപ്പിക്കുകയും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാൻ സാങ്കേതിക തടസം നേരിടുകയും ചെയ്യുന്ന അപേക്ഷകർ ജനുവരി 15 നുള്ളിൽ നിശ്ചിത രജിസ്ട്രേഷൻ തുക ഓൺലൈനായോ ഓഫ്‌ലൈനായോ ഒടുക്കേണ്ടതാണ്. അങ്ങനെയുള്ളവർ നിർദ്ദിഷ്ട എലിജിബിലിറ്റി സർട്ടിഫിക്കറ്റും, സിനോപ്സിസും, അടച്ച ഫീസിന്റെ രസീതും ജനുവരി 31 നുള്ളിൽ researchhelp@keralauniversity.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയച്ചു തരേണ്ടതാണ്.

തിരുവനന്തപുരം,
13.01.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**